LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുനർജനി 2030-ന്റെ ഭാഗമായി ലഹരിവിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി 'സുബോധം' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 27-4-2015-ലെ ജി.ഒ (എംഎസ്.) നമ്പർ73/2015/നി.വ. ഉത്തരവ് പ്രകാരം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും 25-9-2015-ലെ ജി.ഒ. (എംഎസ്.)നമ്പർ 171/2015/നി.വ. പ്രകാരം സർക്കാർ സുബോധം പദ്ധതി അംഗീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്.

(ബി) സർക്കാർ പ്രഖ്യാപിത മദ്യനയത്തിന്റെ അന്തഃസത്ത പൂർത്തീകരിക്കുന്നതിനും, 'മദ്യരഹിത കേരളം' എന്ന മഹത്തായ ലക്ഷ്യം വരുന്ന 10 വർഷത്തിനുള്ളിൽ കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയും ബൃഹത്തായ ബോധവൽക്കരണ പരിപാടികളിലൂടെയും ഒരു വർഷം കൊണ്ട് മദ്യത്തിനടിമപ്പെട്ട ഒരു ലക്ഷം പേരെ അതിൽ നിന്നും പിൻതിരിപ്പിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക (Demand Reduction), അതിന്റെ ദുരിത ലഘൂകരണം (Harm Reduction), ശാസ്ത്രീയമായ പഠനം (Research Monitoring), എന്നിവയിലൂന്നിയാണ് സുബോധത്തിന്റെ കാര്യപരിപാടികൾ നടപ്പിലാക്കിവരുന്നത്.

(സി) 27-4-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ73/2015/നി.വ. പ്രകാരം സുബോധം എന്ന ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിരുന്നു. സുബോധം പദ്ധതി നടപ്പാക്കുന്നതിനുള്ള പദ്ധതി രേഖ 25-9-2015-ലെ ജി.ഒ. (എംഎസ്.)171/15/നി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചും ഉത്തരവാകുകയുണ്ടായി. കമ്മിറ്റിയുടെ തീരുമാനങ്ങൾ അനുസരിച്ച് വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സുബോധം പദ്ധതി ഡയറക്ടറുടെ മേൽനോട്ടത്തിൽ നടത്തിവരുന്നുമുണ്ട്.

ബിയർ വൈൻ പാർലറുകളുടെ ലൈസൻസ്

129 (1869) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് 31 വരെ ബിയർ, വൈൻ പാർലറുകളും ഹെറിറ്റേജ് ഹോട്ടലുകളും ഉൾപ്പെടെ എത്ര മദ്യശാലകൾക്കാണ് ലൈസൻസ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷം ലൈസൻസ് ഇനത്തിലുള്ള വരുമാനം എത്രയായിരുന്നു;

(സി) 2015 ഡിസംബർ 31 വരെ സംസ്ഥാനത്ത് ബിയർ വൈൻ പാർലറുകൾ ഉൾപ്പെടെ എത്ര മദ്യശാലകൾക്കാണ് ലൈസൻസുള്ളത്; 2015 ഡിസംബർ 31 വരെ തന്നാണ്ടിൽ ലൈസൻസ് ഇനത്തിൽ ലഭിച്ച ഇക എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2014 മാർച്ച് 31 വരെ 740 ഹോട്ടലുകൾക്ക് ബാർ ലൈസൻസും 107 ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസും നൽകിയിരുന്നു.

(ബി) പ്രസ്തുത വർഷം ബാർ ലൈസൻസ്, ബിയർ/വൈൻ പാർലർ ലൈസൻസ് എന്നീ ഇനത്തിൽ 174 കോടി 48 ലക്ഷം രൂപയായിരുന്നു വരുമാനം.

(സി) 2015 ഡിസംബർ 31 വരെ 28 ഹോട്ടലുകൾക്ക് ബാർ ലൈസൻസും 803 ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസും നൽകിയിരുന്നു. 2015 ഡിസംബർ 31 വരെ തന്നാണ്ടിൽ ബാർ ലൈസൻസ് ഇനത്തിൽ 6 കോടി 44 ലക്ഷം രൂപയും ബിയർ/വൈൻ പാർലർ ലൈസൻസ് ഇനത്തിൽ 32 കോടി 12 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 38 കോടി 56 ലക്ഷം രൂപയാണ് ലഭിച്ചത്.

പുകയില ഉൽപ്പന്നങ്ങളുടെ നിരോധനം

130 (1871) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങളാണ് നിരോധിച്ചിട്ടുള്ളത്; പുകയില കൂട്ടിയുള്ള മുറുക്ക് നിരോധന പട്ടികയിൽ ഉണ്ടോ; എന്നാണ് നിരോധനം നിലവിൽ വന്നത്;

(ബി) സിഗരറ്റ്, ബീഡി എന്നിവയുടെ ഉപഭോഗം ഇക്കൂട്ടത്തിൽ നിരോധിക്കാതിരുന്നത് എന്ത് കൊണ്ട്;

(സി) ബാറുകളുടെ നിരോധനത്തോടെ മയക്കുമരുന്നുകളുടെയും കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെയും പാൻമസാലകളുടെയും ഉപഭോഗം വർദ്ധിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെയും പാൻമസാല കളുടെയും ഉപഭോഗം വർദ്ധിച്ചത് തടയാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

1436/2018.

LIBRARY ARCHIVES Kerala Legislative Assembly